16
ജൂലൈ
2020

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

## കണക്കെടുപ്പ് ആരംഭിച്ചു



**തവളക്കാട്:** കാട്ടിൽ പുതിയതായി ജനിച്ച പക്ഷിക്കുഞ്ഞുങ്ങളുടെയും മൃഗക്കുഞ്ഞുങ്ങളുടെയും കണക്കെടുപ്പ് ആരംഭിച്ചു. കാട്ടിലെ മൃഗസംഖ്യയും പക്ഷിസംഖ്യയും അറിയുന്നതിന്റെ ഭാഗമായി കാട്ടുഭരണഘടനാ സമിതിയുടെ ഉത്തരവിൻ പ്രകാരമാണ് ഇപ്പോഴത്തെ കണക്കെടുപ്പ്. വിരിയാത്ത മുട്ടകളും, വിരിഞ്ഞശേഷം മരിച്ചുപോയവയും, മറ്റുമുള്ള വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. മരിച്ചുപോയവരുടെയും കാട് വിട്ട് പോയവരുടെയും വിവരങ്ങളും ശേഖരിക്കുന്നുണ്ട്. കാട് സംരക്ഷണ വകുപ്പ് അംഗങ്ങളായ ജിമ്പൻ കരടി, കോലൻ കുറുക്കൻ, വമ്പൻ സിംഹം എന്നിവരാണ് മൃഗങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നത്. സുന്ദരി തത്ത, കാവതിക്കാക്ക, വേലൻ പരുന്ത് എന്നിവർ പക്ഷികളുടെ വിവരശേഖരണവും നടത്തുന്നുണ്ട്.

കൂടുകളിൽ ഉടമസ്ഥർ ഇല്ലാത്തത് തങ്ങളുടെ ജോലിക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി അംഗങ്ങൾ പരാതിപ്പെട്ടു. ഇര തേടി പോകുമ്പോൾ അച്ഛനമ്മമാരിൽ ഒരാൾ കൂട്ടിൽ ഉണ്ടാവണമെന്നും അല്ലാത്ത പക്ഷം അത്തരക്കാരുടെ കാട് റേഷൻ മുടങ്ങുമെന്നും അന്വേഷണ ചീഫായ ചെമ്പൻ സിംഹം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഈ വിവരങ്ങൾ വെച്ചായിരിക്കും കാട്ടിലെ ഈ വർഷത്തെ റേഷൻ സമ്പ്രദായം നടപ്പിലാക്കുക.



## പ്രധാനമന്ത്രി കരടി കുമാറിന്റെ പുതിയ നിയമം

**ന്യൂഫുൾ:** തുരപ്പൻ അട്ടഗതി നിയമവുമായി പ്രധാനമന്ത്രി കരടികുമാർ. മുയലുകളെ കാട്ടിൽ നിന്ന് പുറത്താക്കണം എന്ന് കരടികുമാർ പറഞ്ഞു. കാടിന്റെ പച്ച നിറത്തിന് ഒട്ടും യോജിക്കുന്നില്ല വെള്ള നിറത്തിലുള്ള മുയലുകൾ. അതുകൊണ്ട് എല്ലാത്തിനേം പുറത്താക്കണം. അല്ലെങ്കിൽ കടും നിറങ്ങൾ ദേഹത്ത് വാരിപ്പൂശണം. എന്നാൽ ഇതിനെതിരെ മുയലുകൾ രംഗത്തു വന്നിട്ടുണ്ട്. തലക്ക് വെളിവില്ലാത്തവരെ പ്രധാനമന്ത്രിയാക്കിയാൽ ഇതിലും വലിയ പൊട്ടത്തരങ്ങൾ സഹിക്കേണ്ടിവരുമെന്ന് മുയൽ മുന്നണിയുടെ നേതാവ് ജിങ്കൻ മുയൽ പറഞ്ഞു.

ഫഹീം ഫൈസൽ
ക്ലാസ് 5, ബേക്കർ വിദ്യാപീഠ്

## ഒച്ചമ്മാവൻതിരിച്ചെത്തി



**ഒച്ചുകര:** ഒരു വർഷം മുമ്പ് ബന്ധുവിന്റെ വീട്ടിൽ സർക്കീട്ട് പോയ ഒച്ചമ്മാവൻ സ്വന്തം വീട്ടിൽ തിരിച്ചെത്തി. ഒച്ചുകരയിൽ നിന്നും നൂറ് മീറ്റർ അകലെയുള്ള ബന്ധുവീട്ടിൽ നിന്നും പുറപ്പെട്ട് ആറ് മാസമെടുത്താണ് അമ്മാവൻ മടങ്ങിയെത്തിയത്. സാധാരണ നാല് മാസം കൊണ്ട് ഇഴഞ്ഞെത്താറുള്ള അമ്മാവനെ കാണാഞ്ഞ് വീട്ടുകാർ സങ്കടപ്പെട്ടിരിക്കുകയായിരുന്നു. ഒച്ചമ്മാവന് വഴിയിൽ വല്ല ആപത്തും പിണഞ്ഞതാകുമോ എന്നുപോലും വീട്ടുകാർ ശങ്കിച്ചു. അതിനിടക്കാണ് നടന്ന വശനായി അമ്മാവൻ കൂടണണഞ്ഞത്. മഴവെള്ളം കുത്തിയൊലിച്ചതിനാൽ വഴി ദുർഘടമായെന്നും കുന്നുകൾ വലിഞ്ഞ് കയറാൻ നന്നായി പ്രയാസപ്പെട്ടെന്നും ഒച്ചമ്മാവൻ വീട്ടുകാരോട് പറഞ്ഞു. അല്ലെങ്കിൽ താൻ നാല് മാസം കൊണ്ട് തന്നെ വീട്ടിലെത്തുമായിരുന്നെന്നും അമ്മാവൻ കൂട്ടിച്ചേർത്തു. ഒച്ച് കൂട്ടത്തിലെ ഏറ്റവും മികച്ച നടത്തക്കാരനാണ് താനെന്നും പണ്ട് ഒച്ചുകളുടെ ഒരു മീറ്റർ നടത്ത മൽസരം ഒരു ദിവസം കൊണ്ട് പൂർത്തിയാക്കി താൻ സമ്മാനം നേടിയിട്ടുണ്ടെന്നും ഒച്ചമ്മാവൻ ബന്ധുക്കളെ ഓർമ്മിപ്പിച്ചു.

അമ്മാവന്റെ വീരസ്യം കേട്ട് ഒച്ച് കുഞ്ഞുങ്ങൾ വാ പൊളിച്ച് അന്ധാളിഫിക്കേഷനായി നിന്നു പോയി.

## ഒച്ചക്കാരനെ കണ്ടെത്തി

**മൺകാട്:** കാട് മുഴുവൻ ചീ..... ചീ.... ന്ന് ശബ്ദമുണ്ടാക്കി കാടിന്റെ സൈ്വരം കളഞ്ഞവനെ ഒടുവിൽ കണ്ടെത്തി. ദിവസങ്ങളായി വെറുതെ ബഹളം കൂട്ടി നടക്കുകയായിരുന്ന ചിന്നൻ ചീവിടിനെയാണ് കാട്ടുപോലീസ് പിടികൂടിയത്. ശാന്തസുന്ദരമായി നിശ്ശബ്ദത കളിയാടിയിരുന്ന കാട്ടിൽ ഒരു അജ്ഞാതൻ ഒച്ചയുണ്ടാക്കുന്നതായി പലരും കാട്ടുപോലീസിൽ പരാതിപ്പെട്ടിരുന്നു. അജ്ഞാതന്റെ കർണകഠോര ശബ്ദം കുഞ്ഞുങ്ങളുടെ ഉറക്കംകളയുന്ന തായും എത്രയും വേഗം അവനെ പിടികൂടണമെന്നും പക്ഷിക്കൂട്ടവും ആവശ്യപ്പെട്ടിരുന്നു. അങ്ങനെയാണ്



കാട്ടു പോലീസ് ശല്യക്കാരനെ തേടി ഇറങ്ങിയത്. ഒടുവിലാണ് മരത്തൊലിയുടെ നിറത്തിലുള്ള, കാണാൻ കുഞ്ഞനും മഹാ ഒച്ചക്കാരനുമായ ചിന്നൻ ചീവിടിനെ ഒരു പനത്തടിയിൽ നിന്നും പിടികൂടിയത്. ഇത്രയും ചെറിയ ശരീരത്തിൽ നിന്നാണോ കാടിന്റെ സൈ്വരം കെടുത്തിയ ഈ മഹാ ഒച്ച വരുന്നതെന്ന് പറഞ്ഞ് കാട്ടുപോലീസ് മൂക്കത്ത് വാൽ വെച്ചു. തന്നെ ഒന്നും ചെയ്യരുതെന്നും വഴിതെറ്റി വന്നതാണെന്നും തന്റെ നാട്ടിൽ പോയ്ക്കൊള്ളാമെന്നും ചിന്നൻ ചീവിട് പറഞ്ഞപ്പോൾ കാട്ടുപോലീസിന്റെ മനസ്സലിഞ്ഞു. ഏതായാലും ഇവിടെ കഴിയുന്നെങ്കിൽ ഒച്ച താഴ്ത്തണമെന്നും അല്ലെങ്കിൽ കൊച്ചനാണെന്നൊന്നും നോക്കില്ല, അടിച്ച് പറപ്പിക്കുമെന്നും ഭീഷണിപ്പെടുത്തി കാട്ടുപോലീസ് സ്ഥലംവിട്ടു. ഒച്ചയെടുക്കാൻ പറ്റാത്ത സ്ഥലത്ത് താനിനി നിൽക്കുന്നില്ലെന്നും പറഞ്ഞ് പിന്നാലെ ചിന്നനും സ്ഥലംവിട്ടു.

തയ്യാറാക്കിയത്: **ഇബ്രാഹീം കീച്ചേരി**